# കേരള സർവകലാശാല

നം. പി.ആർ.102/2016 ഫോൺ : 2305738

## പത്രക്കുറിപ്പ്

### ബി.ബി.എ ഫലം

കേരള സർവകലാശാല ഡിസംബറിൽ നടത്തിയ മൂന്നാം സെമസ്റ്റർ കരിയർ റിലേറ്റഡ് സി.ബി.സി.എസ്.എസ് ബി.ബി.എ പരീക്ഷാഫലം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എസ്സി കമ്പ്യൂട്ടർ സയൻസ്, ബി.കോം, ബി.എഫ്.എ - (എച്ച്.ഐ) : പുതുക്കിയ ഷെഡ്യൂൾ

കേരള സർവകലാശാല അടൂർ മണക്കാല ബിഷപ് മൂർ കോളേജ് ഫോർ ദി ഹിയറിംഗ് ഇംപയേർഡിൽ നടത്തുന്ന ബി.എസ്സി കമ്പ്യൂട്ടർ സയൻസ്, ബി.കോം (ഹിയറിംഗ് ഇംപയേർഡ്), തിരുവനന്തപുരം നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ഹിയറിംഗ് ഇംപയേർഡിൽ നടത്തുന്ന ബി.എസ്സി കമ്പ്യൂട്ടർ സയൻസ്, ബി.കോം, ബി.എഫ്.എ (ഹിയറിംഗ് ഇംപയേർഡ്) കോഴ്സുകളുടെ പ്രവേശന നടപടികളുടെ പുതുക്കിയ ഷെഡ്യൂൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### ബി.എ.എസ്.എൽ.പി/ എം.എ.എസ്.എൽ.പി പ്രവേശനം

കേരള സർവകലാശാലയോട് അഫിലിയേറ്റ് ചെയ്തിട്ടുള്ള നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്പീച്ച് ആൻഡ് ഹിയറിംഗിൽ (നിഷ്) ബി.എ.എസ്.എൽ.പി/ എം.എ.എസ്.എൽ.പി കോഴ്സുകളുടെ പ്രവേശന നടപടികളുടെ ഷെഡ്യൂൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### യോഗ സർട്ടിഫിക്കറ്റ് കോഴ്സ്

കേരള സർവകലാശാല കാര്യവട്ടം വേദാന്ത പഠനകേന്ദ്രം നടത്തുന്ന ആറ് മാസത്തെ യോഗ സർട്ടിഫിക്കറ്റ് കോഴ്സിന് അപേക്ഷ ക്ഷണിച്ചു. അപേക്ഷാഫോം വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും. പൂരിപ്പിച്ച അപേക്ഷ ജൂൺ 30-നകം ഡയറക്ടർ, സെന്റർ ഫോർ വേദാന്ത സ്റ്റഡീസ്, കേരള സർവകലാശാല, കാര്യവട്ടം പി.ഒ എന്ന വിലാസത്തിൽ ലഭിക്കണം. ഫോൺ. 8281721358.

### ബി.ടെക് ടൈംടേബിൾ

കേരള സർവകലാശാല ജൂൺ 27-ന് തുടങ്ങുന്ന ഏഴാം സെമസ്റ്റർ ബി.ടെക് (2008 സ്കീം - സപ്ലിമെന്ററി) പരീക്ഷ ടൈംടേബിൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

### അക്കാഡമിക് കലണ്ടർ

കേരള സർവകലാശാല ഒന്നാം സെമസ്റ്റർ (2016 അഡ്മിഷൻ), മൂന്നാം സെമസ്റ്റർ (2015 അഡ്മിഷൻ), അഞ്ചാം സെമസ്റ്റർ (2014 അഡ്മിഷൻ) ഫസ്റ്റ് ഡിഗ്രി പ്രോഗ്രാം സി.ബി.സി.എസ്.എസ് അക്കാഡമിക് കലണ്ടർ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## ബി.എഡ് അപേക്ഷ : തീയതി നീട്ടി

കേരള സർവകലാശാലയുടെ കീഴിലെ ട്രെയിനിംഗ് കോളേജുകളിലെ 2016-18 അധ്യയനവർഷത്തെ ബി.എഡ് കോഴ്സിന് അപേക്ഷ സമർപ്പിക്കുന്നതിനുള്ള അവസാന തീയതി ജൂൺ 30 വരെ നീട്ടി. പുതുക്കിയ ഷെഡ്യൂൾ പിന്നീട് അറിയിക്കും.

## പി.ജി പരീക്ഷ

കേരള സർവകലാശാല ജൂലൈ 22-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ എം.എ/ എം.എസ്സി/ എം.കോം/ എം.എസ്.ഡബ്ലിയു/ എം.ടി.എ/ എം.പി.എ (റഗുലർ ആൻഡ് സപ്ലിമെന്ററി) പരീക്ഷകൾക്ക് ജൂൺ 17 മുതൽ 24 വരെ ഓൺലൈനായി അപേക്ഷിക്കാം. പരീക്ഷകൾക്ക് 50 രൂപ പിഴയോടെ ജൂൺ 30 വരെയും 250 രൂപ പിഴയോടെ ജൂലൈ നാല് വരെയും അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

## പി.ജി മേഴ്സി ചാൻസ് പരീക്ഷ

കേരള സർവകലാശാല ജൂലൈ 22-ന് തുടങ്ങുന്ന നാലാം സെമസ്റ്റർ എം.എസ്സി കെമിസ്ട്രി (2003 സ്കീം), എം.പി.എ (2004 സ്കീം) മേഴ്സി ചാൻസ് പരീക്ഷകൾക്ക് നിശ്ചിത ഫോമിൽ പിഴകൂടാതെ ജൂൺ 24 (50 രൂപ പിഴയോടെ ജൂൺ 30, 250 രൂപ പിഴയോടെ ജൂലൈ നാല്) വരെ അപേക്ഷിക്കാം. വിശദവിവരങ്ങൾ വെബ്സൈറ്റിൽ (www.keralauniversity.ac.in) ലഭിക്കും.

സർവകലാശാല മന്ദിരം,
തിരുവനന്തപുരം.
15.06.2016

പബ്ലിക് റിലേഷൻസ് ഓഫീസർ

അംഗീകാരത്തോടെ,

സെക്ഷൻ ഓഫീസർ